(ബി) വകുപ്പിന് പുറത്തുനിന്നും ഐ. എ. എസ്. ഓഫീസറെ ഈ തസ്തികയിൽ നിയമിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇതുമൂലം എന്തുനേട്ടമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ അഡീഷണൽ ഡയറക്ടർമാരായുള്ള എസ്. സി./എസ്. ടി. ക്കാർക്ക് പ്രൊമോഷൻ ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ സീനിയർ ആയ അഡീഷണൽ ഡയറക്ടർമാരുടെ സെലക്ട് ലിസ്റ്റിൽ നിന്നും യോഗ്യതയുള്ള ആളെ മന്ത്രിസഭയാണ് ഡയറക്ടർ തസ്തികയിലേക്ക് സെലക്ട് ചെയ്യുന്നത്.

(ബി) ഐ. എ. എസ്. ഓഫീസറെ നിയമിക്കാനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി) മുൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ഹൈക്കോടതിയിൽ നൽകിയിരിക്കുന്ന റിട്ട് ഹർജിയിൻമേൽ, ബഹു. കോടതി ആരോഗ്യ വകുപ്പ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥിരമായി നിയമനം നടത്തരുതെന്ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്കാരണത്താൽ മറ്റാർക്കെങ്കിലും ഇപ്പോൾ പ്രൊമോഷൻ നൽകാൻ കഴിയുകയില്ല.

സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

114 [3504] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 100-ൽ കൂടുതൽ കിടക്കകളുള്ള ഹോസ്പിറ്റലുകളെ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആക്കി ഉയർത്തുമെന്ന ഗവൺമെന്റ് പ്രഖ്യാപനം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കൂത്തുപറമ്പ് ഗവൺമെന്റ് ഹോസ്പിറ്റലിനെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കി ഉയർത്തുന്നതിന് സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 100-ൽ കൂടുതൽ കിടക്കകളുള്ള ആശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രി ആയി ഉയർത്തുന്നതിന്റെ ആദ്യപടിയായി അഡ്മിനിസ്ട്രേറ്റീവ്/സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുടെ 375 തസ്തികകൾ 20-8-2003-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (എം‌എസ്) 173/03/ആകുവ. പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി വിഭാഗങ്ങളിലേക്ക് നിയമനം നടത്തുന്നതിനുള്ള യോഗ്യത, മാനദണ്ഡം എന്നിവ സംബന്ധിച്ച സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കാൻ ധൃതഗതിയിൽ നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയിലും സ്പെഷ്യാലിറ്റ് ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്പെഷ്യാലിറ്റി ആശുപത്രിയാക്ക ഉയർത്തുന്നതിനും "സ്റ്റാൻഡേർഡൈസേഷൻ ഓഫ് ഗവൺമെന്റ് ഹോസ്പിറ്റൽസ്" എന്ന പരിപാടിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

ശിശുക്കളുടെ ലിംഗവ്യത്യാസാനുപാതം

115 [3505] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ജനിക്കുന്ന ശിശുക്കളുടെ ലിംഗവ്യത്യാസാനുപാതത്തിൽ കഴിഞ്ഞ 10 വർഷങ്ങളിലായി ഉണ്ടായിട്ടുള്ള വ്യതിയാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അനുപാതത്തിൽ ഏറ്റവും വലിയ വ്യത്യാസമുണ്ടായ ജില്ല ഏതാണെന്നും ഏറ്റവും കുറച്ച് വ്യത്യാസമുണ്ടായ ജില്ല ഏതാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇത്തരം ലിംഗവ്യത്യാസാനുപാതത്തിലെ വ്യതിയാന കാരണം എന്താണെന്ന് വിശകലനം നടത്തിയിട്ടുണ്ടോ;

(ഡി) വർദ്ധിച്ചുവരുന്ന പെൺ ഭ്രൂണഹത്യയാണ് ഇതിന് കാരണമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നിഗമനം എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിൽ '1991' കനേഷുമാരി കണക്കു പ്രകാരം ജനിച്ച കുട്ടികളുടെ ലിംഗവ്യത്യാസം 1000-ന് 958 എന്നായിരുന്നത് 2001-ലെ സെൻസസ് പ്രകാരം 1000-ന് 963 ആണ്.

(ബി) 0—6 വയസ്സുവരെയുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം ഏറ്റവും കൂടിയത് കാസർഗോഡ് ജില്ലയിലും ഏറ്റവും കുറഞ്ഞത് കണ്ണൂർ ജില്ലയിലും ആണ്.

(സി) ഇല്ല.

(ഡി) ശാസ്ത്രീയമായ വിശകലനങ്ങളുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം "0—6" ആൺ-പെൺ അനുപാതം കൂടിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly